**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ 14/10/2016**

**(12 Muharram 1438 Hijri)**

**Hazrat Khalifathullah Munir Ahmad Azim (A)**

## Protect the Life and Honour of Others / മറ്റുള്ളവരുടെ ജീവിതവും അന്തസ്സും സംരക്ഷിക്കുക

സലാമിനു ശേഷം ഹസ്രത് മുഹ്‌യിദ്ദീൻ (അ) തശഹ്ഹുദ് തഅവ്വുദ് സൂറ അൽഫാതിഹഓതിയ ശേഷം **മറ്റുള്ളവരുടെ ജീവിതവും അന്തസ്സും സംരക്ഷിക്കുക** എന്ന വിഷയത്തെ ആസ്പദമാക്കി ഖുത്തുബ ആരംഭിച്ചു.

വിവേചനരഹിതമായി, ഇസ്‌ലാം, പൗരന്മാരുടെമേൽ, നിയമങ്ങൾ അടിച്ചേല്പിക്കുവാൻ ധൃതിപെടുന്നില്ല.മറിച്ച്, വ്യക്തികളുടെ സ്വകാര്യത പരിപാപനമായി കാണുകയും, അവയെ സംരക്ഷിക്കുന്നതിന് വളരെ ശക്തമായ ഇസ്ലാമിക ധർമ്മാനുശാസനം നല്കുകയും ചെയ്യുന്നു. പൊലീസിനെയോ, ഫിലിമിലാക്കുന്ന ക്യാമറകളെയോ, മറ്റു ജാഗ്രതയുള്ള മേൽനോട്ട സംവിധാനങ്ങളെയോ ഏർപ്പെടുത്തി ചാരവൃത്തി നടത്തുകയോ അതിലൂടെ അവരുടെ സ്വകാര്യതയുടെ മേലുള്ള കടന്നുകയറ്റ ഏർപ്പാടും ചെയ്യുന്നില്ല.

അബൂദാവൂദും അൽഹാക്കിമും റിപ്പോർട്ട് ചെയ്ത സെയ്ദിബിന് വഹബിൽ നിന്നുള്ള ഒരു പ്രവാചക വചനത്തിൽ പറയുന്നു. ഒരിക്കൽ ഒരാൾ അബ്ദുല്ലാഹ് ഇബന് മസ്ഊദ് (റ) നോട് പറഞ്ഞു. അൽവലീദ് ബ്ന് ഉഖ്ബ എന്ന ആൾ മദ്യപിച്ചതായി തോന്നുന്നു. കാരണം അദ്ദേഹത്തിന്റെ താടിയിൽ മദ്യത്തിന്റെ ഗന്ധം പ്രകടമായിരുന്നു. ഇബ്ന് മസ്ഊദ് (റ) മറുപടിയായി പറഞ്ഞു. ചാരവൃത്തി നടത്തപ്പെടുന്നത് നാം മുസ്‌ലിങ്ങൾ തടയപ്പെട്ടിരിക്കുന്നു. അവരിലെ കുറ്റം കണ്ടുപിടിക്കുന്നതിൽ നിന്നും (നാം) തടയപ്പെട്ടിരിക്കുന്നു. (നിങ്ങൾ വിവരിച്ച സാഹചര്യത്തിൽ അൽ വലീദ് നമ്മുടെ അടുത്ത് വന്നാൽ) അപ്പോൾ നാം അതിന് ശിക്ഷ നല്കുന്നതാണ്. പ്രവാചകൻ (സ) പറഞ്ഞതായി റിപ്പോർട്ട് ചെയ്തിരിക്കുന്നു. ഭരണാധികാരി ജനങ്ങളുടെ മേൽ സംശയത്തിന്റെ പേരിൽ അന്വേഷണം ആരംഭിക്കുമ്പോൾ അവൻ അവരെ വഴിപിഴപ്പിക്കുകയാണ് ചെയ്യുന്നത് (അബൂദാവൂദ്, അൽഹാക്കിം)

ഒരു വിശ്വാസി തന്റെ കുറ്റങ്ങളും മറ്റുള്ളവരുടെ തെറ്റുകുറ്റങ്ങളും സ്വയം മൂടി വെയ്ക്കുവാൻ പ്രവാചക അധ്യാപനങ്ങളിൽ വ്യക്തമായി പ്രസ്താവിച്ചിട്ടുള്ള കാര്യവും നാം ശ്രദ്ധിക്കേണ്ടതാണ്. അബ്ദുല്ലാഹ് ബ്നു ഉമർ (റ) റിപ്പോർട്ട് ചെയ്തിരിക്കുന്നു. മാഇസ് ഇബ്ന് മാലിക്ക് അൽ അസ്‌ലമിയുടെ നിയമലംഘനം അംഗീകരിച്ച ശേഷം ദൈവദൂതൻ (സ) പറഞ്ഞു. ദൈവം നിരോധിച്ച (വ്യഭിചാരം, അവിഹിതലൈംഗിക വേഴ്ച) ഈ സാന്മാർഗ്ഗിക, ശാരീരിക വൈകല്യത്തിൽ നിന്നും പിന്തിരിയുക, ഇനി നിങ്ങളിലാരെങ്കിലും ഇത്തരം ഒരു കാര്യത്തിൽ അകപ്പെട്ടു പോയെങ്കിൽ, ദൈവത്തിന്റെ രഹസ്യത്താൽ അത് മൂടപ്പെട്ടിരിക്കുന്നു. (അതായത് ആ സംഭവം അവൻ രഹസ്യമായി സൂക്ഷിക്കട്ടെ അത് മറ്റാരോടും വെളിപ്പെടുത്താതിരിക്കട്ടെ) അവൻ തീർച്ചയായും ദൈവത്തോട് മാപ്പിരക്കേണ്ടതാണ് തീർച്ചയായും. ആരെങ്കിലും തന്റെ കുറ്റം നമ്മെ അറിയിച്ചാൽ, തെറ്റു ചെയ്തന്നു സമ്മതിച്ചാൽ, ദൈവിക ഗ്രന്ഥവിധി പ്രകാരം ശിക്ഷിക്കുന്നതാണ്.

സുപ്രസിദ്ധമായ രണ്ട് ഇമാമീങ്ങളായ ബുഖാരിയുടെയും മുസ്ലിമിന്റെയും മാനദണ്ഡമനുസരിച്ച് ഈ കാര്യത്തിൽ നമുക്ക് വിധി പ്രസ്താവിക്കാം.

തന്റെ തെറ്റു സമ്മതവുമായി നാലു പ്രാവശ്യം അദ്ദേഹം നബികരീമിന്റെ അരികിൽ വന്നു. അതിനു ശേഷമാണ് മാഇസിന്റെ വ്യഭിചാരവൃത്തി മഹാനായ പ്രവാചകൻ (സ) അംഗീകരിച്ചത്. തന്റെ കുറ്റസമ്മതമല്ലാതെ മറ്റൊരു തെളിവുമില്ലാത്തതിനാൽ, അദ്ദേഹത്തെ കുറ്റവിമുക്തനാക്കുവാൻ, പ്രവാചകൻ (സ) പല പ്രാവശ്യം ശ്രമിക്കുകയുണ്ടായി. എന്നാൽ മാഇസ് അതിൽ ഉറച്ച് നിന്നു. ഇതു തന്നെയാണ് ഗൗമിതി സ്ത്രീക്കും സംഭവിച്ചത് (അൽ ഗാമിദിയ്യാ)

മാഇസിന്റെ തെറ്റ്തന്നോട് പറയുവാൻ പ്രേരിപ്പിച്ച ഹസ്സൽനോട് പ്രവാചകൻ (സ) പറഞ്ഞു. ഇത് നിങ്ങളിൽ തന്നെ നിങ്ങൾ മറച്ചുവെച്ചിരുന്നുവെങ്കിൽ നിങ്ങൾക്കത് നന്നായിരുന്നേനെ ! അബൂഹുറയ്റ (റ) റിപ്പോർട്ടു ചെയ്യുന്നു. പ്രവാചകൻ (സ) പറഞ്ഞു ഒരാളുടെ തെറ്റുകുറ്റങ്ങൾ ഈ ലോകത്ത് മറച്ച് വെയ്ക്കുന്നവന്റെ തെറ്റുകുറ്റങ്ങൾ വിധിനാളിൽ അല്ലാഹു അവന്റെ തെറ്റുകുറ്റങ്ങൾ മറച്ചു വെയ്ക്കുന്നതാണ്. പ്രവാചകൻ (സ) പറഞ്ഞു ആരുടെ എങ്കിലും അതിക്രമം ഒരാൾ കണ്ടെത്തിയാൽ, അവൻ മറച്ചുവെച്ചാൽ (അതായത് അവനത് വെളിവാക്കാതിരുന്നാൽ) കുഴിച്ചുമൂടപ്പെട്ട നവജാത ശിശുവിനെ മരണത്തിൽ നിന്നും ജീവിപ്പിച്ചവനെ പോലെയാണ്. (അബൂദാവൂദ്, അൽഹാക്കിം)

തെറ്റുകൾ പൊറുത്തുകൊടുക്കുവാനും മാപ്പുചെയ്യുവാനുമാണ് ഇസ്ലാം മുസ്ലിംകളെ പ്രേരിപ്പിക്കുന്നത്. മനുഷ്യർ പരസ്പരം തെറ്റുകുറ്റങ്ങളിൽ അകപ്പെടാം. ഉദാഹരണത്തിന് മോഷണം പോലുള്ള കാര്യങ്ങൾ ! ഒരിക്കൽ ഇത്തരം ഒരു പരാതി കോടതിയിൽ വരുകയുണ്ടായി. മാപ്പു ചെയ്യുവാനും ദയകാണിക്കണമെന്നും വാദിക്കുന്നതിൽ ഒരു തെറ്റുമില്ല. (അതായത് ശരിയായ വിധി നടപ്പിലാക്കേണ്ടതാണ്) ഈ വീക്ഷണത്തിലാണ് അബ്ദുല്ലാഹ് ഇബ്ന് ഉമർ (റ) ന്റെ ഈ പ്രവാചക വചനത്തെ മനസ്സിലാക്കേണ്ടത്. പിഴയോശിക്ഷയോ നടപ്പിലാക്കേണ്ട കാര്യങ്ങളിൽ പരസ്പരം ക്ഷമിക്കുക മാപ്പു ചെയ്യുക. എന്റെ ശ്രദ്ധയിൽ എന്താണോ കൊണ്ടു വരുന്നത് അതു നടപ്പിലാക്കിയിരിക്കും (അബൂദാവൂദ്, അന്നസാഈ, അൽഹക്കീം)

ഒരിക്കൽ ഒരാൾ പ്രവാചകൻ (സ) യുടെ സവിധത്തിൽ വന്നു. ശിക്ഷ ലഭിക്കേണ്ട ഒരു തെറ്റു താൻ ചെയ്തു എന്നു പറഞ്ഞു. പ്രവാചൻ (സ) അദ്ദേഹം ചെയ്ത തെറ്റെന്താണെന്ന് ചോദിച്ചില്ല. അല്ലെങ്കിൽ എങ്ങനെയാണ് അത് ചെയ്തെ എന്നും ചോദിച്ചില്ല ! പ്രവാചകൻ (സ) അദ്ദേഹത്തിന്റെ കുറ്റസമ്മതത്തെ പരിഗണിച്ചു. നിശ്ചിത ശിക്ഷയ്ക്ക് വിധേയമാക്കേണ്ട കാരണമാണ്. ഇത് അദ്ദേഹത്തിന്റെ തെറ്റിന്റെ ഖേദപ്രകടനമായും പശ്ചാത്താപമായും കണക്കാക്കുകയും ചെയ്തു. ഈ അംഗീകരിക്കൽ തന്നെ തെറ്റിനുള്ള പശ്ചാത്താപമാണ് പാപമുക്തിക്കുള്ള വഴിയുമാണ്. ഇതിനെല്ലാം ഉപരിയായി ദൈവദൂതനോടൊപ്പം പ്രാർത്ഥന പൂർത്തീകരിക്കുകയുണ്ടായി.

അബൂദാവൂദ് (റ) ഒരാൾ ചെയ്ത അതിക്രമത്തെ പരാമർശിച്ചു റിപ്പോർട്ട് ചെയ്തിരിക്കുന്നു. അയാളുടെ പേര് വെളിപ്പെടുത്തിയിട്ടില്ല. പ്രവാചക സന്നിധിയിൽ ഒരാൾ വന്നിട്ട് പറഞ്ഞു. ദൈവദൂതരെ ! ഞാനൊരു അതിക്രമം പ്രവർത്തിച്ചു. ആയതിനാൽ എന്റെ മേൽ അങ്ങ് ശിക്ഷ നടപ്പിലാക്കണം പരിശുദ്ധ പ്രവാചകൻ (സ)ചോദിച്ചു. വരുന്നതിന് മുൻപ് നിങ്ങൾ കുളിച്ചു ശുദ്ധിയായോ ? അതെ എന്നദ്ദേഹം മറുപടി പറഞ്ഞു. പ്രവാചകൻ (സ) മറുപടി പറഞ്ഞു. നീ ഞങ്ങളോടൊപ്പം നമസ്ക്കാരം പൂർത്തിയാക്കിയോ ? അയാൾ പറഞ്ഞു അതെ പൂർത്തിയാക്കി പ്രവാചകരെ ! അപ്പോൾ പരിശുദ്ധ പ്രവാചകൻ (സ) പറഞ്ഞു പോവുക ദൈവം പരമോന്നതനാണ്. അവൻ നിനക്ക് പൊറുത്തു തന്നിരിക്കുന്നു. (അബൂദാവൂദ്, അന്നസാ ഈ, അൽബുഖാരി മുസ്ലിം)

ഇസ്ലാമിലെ എന്റെ സഹോദരീ സഹോദരന്മാരെ! അറിയുക നാമെല്ലാം ഈ ലോകത്ത് താത്ക്കാലികമായുള്ളവരാണ്. സർവ്വശക്തനായ അല്ലാഹുവിലേക്കുള്ള വഴി നാമെല്ലാം ഒരുക്കേണ്ടതാണ്. നിഷ്ക്കളങ്കരായി വഴി ഒരുക്കുക. നമ്മുടെ അന്തസ്സും മാന്യതയും സംരക്ഷിക്കുന്നതിനോടൊപ്പം മറ്റുള്ളവരുടെ അന്തസ്സും മാന്യതയും സംരക്ഷിക്കുക. നിങ്ങളുടെ മേൽ അല്ലാഹു ഇട്ടിരിക്കുന്ന മറയെ നിങ്ങൾ എപ്പോഴും സൂക്ഷിക്കുക. അവന്റെ മറ്റു ഭൃത്യന്മാരുടെ മേലും ഇട്ടിരിക്കുന്ന മറയെ സൂക്ഷിക്കുക ! നിങ്ങൾ വിഡ്ഢിവേഷം കെട്ടരുത് ! യഥാർത്ഥ ഇസ്ലാമിക അധ്യാപനങ്ങൾ ഹൃദയങ്ങളിൽ കേന്ദ്രീകരിക്കുക. എന്നിട്ട് അത് പ്രവർത്തിയിലൂടെ മനുഷ്യ സമുദായത്തിന് സമർപ്പിക്കുക. അറിയണം! ഒരു മനുഷ്യൻ മറ്റൊരു മനുഷ്യന്റെ മറയാണ്. ഇസ്ലാമിലെ തന്റെ സഹോദരനെ / സഹോദരിയെ ക്രൂരമായി ഉപദ്രവിക്കുന്നത് എത്ര ദൗർഭാഗ്യകരം !അവൻ പശ്ചാത്തപിക്കുന്നില്ലല്ലോ ! ഈ ചീത്ത ചിന്തകൾ മനുഷ്യ ഹൃദയങ്ങളിൽ മഹാരോഗം സൃഷ്ടിക്കുന്നതാണ്. അതിൽ നിന്ന് അല്ലാഹു സംരക്ഷണമേകട്ടെ !ഇൻശാ അല്ലാഹ് ! ആമീൻ

**Translated by:**
**R. Jamaludin Raother**
**Amir Jamaat Ul Sahih Al Islam**
**South Zone, Kerala,**
**Ph: 9447001832, 0475-2220223**
**E-mail: jamal.raother@gmail.com**
**Web: www.jamaat-ul-sahih-al-islam.com**